**നോമ്പുകാലം നാലാം ഞായർ**

**മത്താ 21:33-44**

## വിശ്വസ്ത കാര്യസ്ഥരാകാം

റവ. ഫാ. ഷിബു പുളിക്കൽ

ദൈവരാജ്യം നിങ്ങളിൽ നിന്ന് എടുത്ത് ഫലം പുറപ്പെടുവിക്കുന്ന ജനതയ്ക്കു നല്കപ്പെടും (മത്താ 21:43).

വിലപിടിപ്പുള്ള ഒരു രത്നം പെട്ടിയിൽ അടച്ച് അതൊന്നു മെല്ലെ കുലുക്കി അകത്ത് അതുണ്ടെന്ന് ഉറപ്പുവരുത്തുകയായിരുന്നു വർഷങ്ങളായുള്ള അയാളുടെ രീതി. ഒരിക്കൽ അതൊന്നു തുറന്നപ്പോൾ കണ്ടത് ഒരു കരിങ്കല്ല്. അയാൾ ഓടി ഗുരുവിന്റെ അടുത്തുചെന്ന് സങ്കടം പറഞ്ഞു. അപ്പോൾ ഗുരു പറഞ്ഞു: നിങ്ങൾ വിഷമിക്കേണ്ട, നിങ്ങളെ സംബന്ധിച്ചിടത്തോളം അത് കല്ലായാലെന്ത്, രത്നമായാലെന്ത്? കുലുക്കി നോക്കുമ്പോൾ ഒരു സ്വരം കേൾക്കണം. അതിന് എന്തായാലും മതിയാകും.

മുന്തിരിത്തോട്ടം നട്ടുപിടിപ്പിച്ച്, അതിനുവേണ്ട എല്ലാ സംരക്ഷണങ്ങളും നല്കി, അവസാനം ഫലം അന്വേഷിച്ച് വരുന്ന ഉടമസ്ഥനാണ് ദൈവം. ദൈവം തന്ന നമ്മുടെ ജീവിതമാകുന്ന മുന്തിരിത്തോട്ടത്തിൽ ഫലങ്ങളുണ്ടോ? ഫലങ്ങൾ അന്വേഷിച്ചു വരുന്ന ദൈവത്തെ അടിച്ചോടിക്കാനാണോ നമ്മൾ നിൽക്കുന്നത്? ജീവിതത്തിന്റെ തിരക്കിനിടയിൽ ജീവിച്ചിരിക്കുന്നു എന്നു പോലും ഓർക്കാതെയാണ് പലപ്പോഴും നമ്മൾ ഓടിക്കൊണ്ടിരിക്കുന്നത്. ആധുനിക മനുഷ്യനെക്കുറിച്ച് ആരോ ഇങ്ങനെ എഴുതി: Dead man walking. അതായത് ശ്വസിക്കുന്നതും നടക്കുന്നതും ഒന്നും നമ്മൾ അറിയുന്നില്ലെന്നർത്ഥം.

എന്തുകൊണ്ടാണ് കൃഷിക്കാർ യജമാനൻ അയയ്ക്കുന്ന ഓരോ വ്യക്തികളെയും നശിപ്പിക്കുന്നത്. കാരണം, യജമാനൻ ഏൽപ്പിച്ചു പോയ മുന്തിരിത്തോട്ടം യഥാവിധം അവർ പരിപാലിച്ചില്ല. തങ്ങളുടെ അശ്രദ്ധയും നിഷ്ക്രിയത്വവും യജമാനൻ തിരിച്ചറിയുമെന്ന് അറിഞ്ഞതുകൊണ്ടാണ് കൃഷിക്കാർ ഓരോരുത്തരെയും നശിപ്പിക്കുന്നത്. അവസാനം, ഫലം കൊടുക്കുന്ന കൃഷിക്കാരെ തന്റെ മുന്തിരിത്തോട്ടം ഏൽപ്പിക്കാൻ യജമാനൻ തീരുമാനിക്കുന്നു.

ഓരോ മനുഷ്യനും ഈ ലോകത്തിൽ ജനിക്കുമ്പോൾ ഓരോരോ ദൗത്യമുണ്ട്. ജീവിതം ക്രിയാത്മകമാണ്. Life is a verb not a noun.

വീണ്ടും എവിടെയോ വായിച്ച ഒരു കഥയാണ് ഓർമ വരുന്നത്. ഒരു കൊച്ചുകുട്ടി. അവൻ വെടിക്കെട്ട് കണ്ടിട്ടില്ല. അടുത്ത പള്ളിയിൽ പെരുന്നാളിന് അമ്മ അവനെയും കൂട്ടിക്കൊണ്ടുപോയി. പ്രദക്ഷിണമൊക്കെ കഴിഞ്ഞ് വെടിക്കെട്ട് കാണാനായി അമ്മയും മകനും ഒരു സ്ഥലത്തിരുന്നു. വെടിക്കെട്ട് ആരംഭിച്ചപ്പോൾ ശക്തമായ ശബ്ദം സഹിക്കവയ്യാതെ കുട്ടി ചെവിപൊത്തിപ്പിടിച്ചു. കണ്ണഞ്ചിപ്പിക്കുന്ന പ്രകാശത്തിൽ നിന്നും രക്ഷപെടാൻ അവൻ കണ്ണടച്ചു. അവൻ അറിയാതെ ഉറങ്ങിപ്പോയി. വെടിക്കെട്ട് കഴിഞ്ഞപ്പോൾ അമ്മ അവനെ വിളിച്ചുണർത്തി. ഈ കഥ അവസാനിക്കുമ്പോൾ കഥാകൃത്ത് പറയുന്നത് ഇങ്ങനെയാണ്: പെരുന്നാൾപറമ്പിൽ ഉറങ്ങിപ്പോയ കുട്ടിയെപ്പോലെയാണ് നമ്മൾ പലപ്പോഴും. എല്ലാ നന്മകളുടെ നേരെയും കണ്ണടച്ചും ചെവിപൊത്തിയും നമ്മളിരിക്കുന്നു. നമുക്കുണർന്നിരിക്കാം. ഫലം പുറപ്പെടുവിക്കാം.